# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 795

11/03/2015-ൽ മറുപടിക്ക്

## എച്ച്1 എൻ1

| ചോദ്യം<br>ശ്രീ.എ. കെ. ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| എ) എച്ച്1 എൻ1 പനി രോഗം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | എ) എച്ച്1 എൻ1 പനിയുടെ പകർച്ചയ്ക്ക് എതിരെയുള്ള മുൻ കരുതലുകൾ എടുക്കുന്നതിനെ സംബന്ധിച്ചുള്ള റേഡിയോ, ടിവി, പത്ര പരസ്യങ്ങളും, റേഡിയോ ഹെൽത്ത് വഴി പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണവും പ്രഭാഷണങ്ങളും നടന്നു വരുന്നു. ജനങ്ങൾക്ക് കൊടുക്കേണ്ട ഉപദേശങ്ങളെക്കുറിച്ചുള്ള ബിറ്റ് നോട്ടീസ് ആവശ്യത്തിന് അച്ചടിച്ച് നൽകാനുള്ള നടപടി ജില്ലാ മെഡിക്കൽ ആഫീസർമാർ വഴി ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ സംശയങ്ങൾക്കുള്ള പരിഹാരത്തിനായി ദിശ ഹെൽപ്പ് ലൈൻ നമ്പറുകൾ (1056, 0471 2552056), ചികിൽസാ മാർഗ്ഗ രേഖകൾ, ഒസൽട്ടാമിവിർ മരുന്നുകളുടെ ലഭ്യത, ആശുപത്രിയിലെ അണുബാധ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| ബി)രോഗനിർണ്ണയത്തിന് ഉതകുന്ന ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് എവിടെയൊക്കെയുണ്ടെന്ന് | ബി) മണിപ്പാൽ സെന്റർ ഫോർ വൈറോളജി റിസർച്ച് ആണ് കേരളത്തിനു വേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള |

വെളിപ്പെടുത്താമോ;

റീജിണൽ ഇൻഫ്ലുൻസ സർവയലൻസ് സെന്റർ • സ്രവ സാമ്പിളുകൾ ഈ ലാബിലേക്ക് അയച്ച് ടെസ്റ്റ് ചെയ്തു വരുന്നു. ഇതു കൂടാതെ മധ്യകേരളത്തിലെ ചില ജില്ലകളിലെ സാമ്പിളുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ആലപ്പുഴ യൂണിറ്റിലും ചെയ്തു വരുന്നു. തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലും എച്ച്1 എൻ1 പരിശോധന ചെയ്തു വരുന്നു.

സി) രോഗനിർണ്ണയഫലം എത്രയും പെട്ടെന്ന് ലഭിയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സി) രോഗികളിൽ നിന്നുള്ള സ്രവ സാമ്പിളുകൾ അതീവ സുരക്ഷിതമായി ശീതീകരിച്ച് ട്രെയിൻമാർഗ്ഗം എം.സി.വി.ആർ, മണിപ്പാലിൽ എത്തിച്ച് പരിശോധന നടത്തി വരുന്നു. ടെസ്റ്റിന്റെ റിസൽട്ട് 24 മണിക്കൂറിനകം തന്നെ ലഭിക്കുന്നുണ്ട്. രോഗിയുടെ ചികിൽസ തുടരുവാൻ ടെസ്റ്റിംഗ് ആവശ്യമില്ല. എച്ച്1 എൻ1 ചികിൽസാ മാർഗരേഖയിലെ വ്യക്തമായ മാനദണ്ഡങ്ങൾ പ്രകാരം ചികിൽസ നൽകാവുന്നതാണ്.

(signature)

**സെക്ഷൻ ഓഫീസർ**